**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 260** **01-03-2023 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ വി ജോയി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ ഐ ബി സതീഷ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ വ്യവസ്ഥയനുസരിച്ച് നിർമ്മാണ കമ്പനിയ്ക്ക് തുക നൽകുന്നത് സംബന്ധിച്ച് ജനങ്ങളിൽ തെറ്റിദ്ധാരണ സൃഷ്ടിക്കാൻ ചില കേന്ദ്രങ്ങൾ വസ്തുതയ്ക്ക് നിരക്കാത്ത വാർത്തകൾ പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വസ്തുത വെളിപ്പെടുത്താൻ ശ്രമം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 2015 ആഗസ്റ്റ് 17-ാം തീയതി അദാനി വിഴിഞ്ഞം തുറമുഖ കമ്പനിയുമായി PPP അടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ടം കരാർ പ്രകാരം 2019 ഡിസംബർ 3 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. കരാർ പ്രകാരമുള്ള 4,089 കോടി രൂപയുടെ PPP പാക്കേജിൽ 2,454 കോടി രൂപ കരാർ കമ്പനിയാണ് കണ്ടെത്തേണ്ടത്. ശേഷിക്കുന്ന തുകയിൽ 818.20 കോടി രൂപ കേന്ദ്ര സർക്കാരും 817.20 കോടി രൂപ സംസ്ഥാന സർക്കാരും VGF സ്കീം മുഖേന നിർമ്മാണ കമ്പനിക്ക് ഗഡുക്കളായി നൽകേണ്ടതുണ്ട്. ഇത് കൂടാതെ തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണത്തിനുള്ള 1,463 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ ബാധ്യതയാണ്. പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് (30%, 60%, 80%, 100% എന്ന പ്രകാരം) 4 തുല്യ ഗഡുക്കളായാണ് നിർമ്മാണ കമ്പനിക്ക് തുക നൽകേണ്ടത്. ഇതിൽ 20% തുക മൊബിലൈസേഷൻ അഡ്വാൻസായി കരാർ കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. പുലിമുട്ടിന്റെ 30% നിർമ്മാണം പൂർത്തീകരിച്ചതായി വിഴിഞ്ഞം തുറമുഖ കമ്പനി (VISL) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് പ്രകാരമുള്ള തുക കരാർ കമ്പനിക്ക് നൽകേണ്ടതുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് (VGF) ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിർമ്മാണം നടക്കുന്ന വേളയിൽ സംസ്ഥാന സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിന്റെ ഒരു വിഹിതവും നൽകേണ്ടതുണ്ട്. |
| (ബി) | വിഴിഞ്ഞം തുറമുഖ നിർമ്മാണ കമ്പനിയുമായി ഒപ്പുവെച്ച കരാർ പ്രകാരം കമ്പനിയ്ക്ക് തുക ഗഡുക്കളായി നൽകേണ്ടതുണ്ടോ; കരാർ ഒപ്പിട്ടത് | (ബി) | 2015 ആഗസ്റ്റ് 17-ാം തീയതി അദാനി വിഴിഞ്ഞം തുറമുഖ കമ്പനിയുമായി PPP അടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ടം കരാർ പ്രകാരം 2019 ഡിസംബർ 3 ന് |

| | | | |
|---|---|---|---|
| | എന്നാണെന്ന് അറിയിക്കുമോ; മറ്റ് വിശദാംശം ലഭ്യമാക്കാമോ; | | പൂർത്തീകരിക്കേണ്ടതായിരുന്നു. കരാർ പ്രകാരമുള്ള 4,089 കോടി രൂപയുടെ PPP പാക്കേജിൽ 2,454 കോടി രൂപ കരാർ കമ്പനിയാണ് കണ്ടെത്തേണ്ടത്. ശേഷിക്കുന്ന തുകയിൽ 818.20 കോടി രൂപ കേന്ദ്ര സർക്കാരും 817.20 കോടി രൂപ സംസ്ഥാന സർക്കാരും VGF സ്കീം മുഖേന നിർമ്മാണ കമ്പനിക്ക് ഗഡുക്കളായി നൽകേണ്ടതുണ്ട്. ഇത് കൂടാതെ തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണത്തിനുള്ള 1,463 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ ബാധ്യതയാണ്. പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് (30%, 60%, 80%, 100% എന്ന പ്രകാരം) 4 തുല്യ ഗഡുക്കളായാണ് നിർമ്മാണ കമ്പനിക്ക് തുക നൽകേണ്ടത്. ഇതിൽ 20% തുക മൊബിലൈസേഷൻ അഡ്വാൻസായി കരാർ കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. പുലിമുട്ടിന്റെ 30% നിർമ്മാണം പൂർത്തീകരിച്ചതായി വിഴിഞ്ഞം തുറമുഖ കമ്പനി (VISL) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് പ്രകാരമുള്ള തുക കരാർ കമ്പനിക്ക് നൽകേണ്ടതുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് (VGF) ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിർമ്മാണം നടക്കുന്ന വേളയിൽ സംസ്ഥാന സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിന്റെ ഒരു വിഹിതവും നൽകേണ്ടതുണ്ട്. |
| (സി) | വിഴിഞ്ഞം തുറമുഖ പദ്ധതി എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കാമോ? | (സി) | 2019 ഡിസംബർ 3 ന് വിഴിഞ്ഞം പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിക്കേണ്ടതായിരുന്നെങ്കിലും തുറമുഖ നിർമ്മാണം കരാർ പ്രകാരം പൂർത്തീകരിക്കുവാൻ നിർമ്മാണ കമ്പനിക്ക് സാധിച്ചിട്ടില്ല. കരാർ കമ്പനി സമർപ്പിച്ച പുതുക്കിയ ഷെഡ്യൂൾ പ്രകാരം 2024 ഡിസംബറിൽ പണി പൂർത്തീകരിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ ടി ഷെഡ്യൂൾ അംഗീകരിച്ചിട്ടില്ല. 2023 സെപ്റ്റംബറിൽ ആദ്യ കപ്പൽ വിഴിഞ്ഞത്ത് എത്തിക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ